Announcement by Speaker Regarding observance of Silence in the Assembly.

Mr. Speaker : Order, order, question hour is over. Today, being the 30th of January, we have to observe two
9 a. m.] minutes' silence from 11 a. m. in memory of those wh laid down their lives in the struggle for India's freedom.

We will now pass on to the next item of business.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

(i) *The decision of Government to abolish the posts of Block Development Officers in the N. E. S. Blocks of Pre-extension stage*

Mr. Speaker: I have received a notice under Rule 61 from Shri P. C. Raghavan Nair.

Shri M. V. Vasu : Sir, I have also given a notice under Rule 49

Mr. Speaker: The notice you have raised under Rule 49 is the same as that given by Shri P. C. Raghavan Nair and I have disposed of it. Shri Raghavan Nair can speak now on his Rule 61 notice.

ശ്രീ. പി. സി. രാഘവൻ നായർ : സർ, നമ്മുടെ സ്റ്റേറ്റിലെ എൻ. ഈ. എസ്. ബ്ലാക്കുകളുടെ പ്രവത്തനം തുടങ്ങിയിട്ട് ഏതാണ്ട് പത്തു കൊല്ലക്കാലമായി. 1953–ഓടുകൂടി ഏതാനും പ്രദേശങ്ങളിൽ ബ്ലാക്കുകളിൽ പ്പെടുത്തിക്കഴിഞ്ഞു. 1964–ഏപ്രിൽ മാസത്തോടുകൂടി പരിപൂർണ്ണമായി അതു പൂത്തിയാകുകയും ചെയ്യും. പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളായും പിന്നെ സ്റ്റേജ് (1) ബ്ലാക്കുകളായും അവസാനം അഞ്ചുകൊല്ലക്കാലം സ്റ്റേജ് (2) പീരീയഡുകളുമായാണ് ഇതു വിഭജിക്കപ്പെട്ടിരിക്കുന്നതു്. ഈ പഴയ എല്ലാ സംപ്രദായങ്ങളിൽനിന്നും വ്യത്യസ്തമായിട്ടാണ് ഈ കൊല്ലത്തിൽ തുടങ്ങിയിട്ടുള്ള പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളുടെ പ്രവത്തനം ഗവണ്മെൻറ് വീക്ഷിക്കാൻ തുടങ്ങിയിട്ടുള്ളതു്. അതായതു് എല്ലാ കൊല്ലത്തിലും പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളും തുടങ്ങിക്കഴിഞ്ഞാൽ അതിൽ ബ്ലാക്കു ഡെവലപ്പുമെൻറ് ആഫീസറന്മാരെ നിശ്ചയിക്കുക പതിവുണ്ടായിരുന്നു. കഴിഞ്ഞ ഏപ്രിൽമാസത്തിൽ തുടങ്ങിയിട്ടുള്ള പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലും ബ്ലാക്കു് ഡവലപ്പുമെൻറ് ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ ജനുവരിമാസത്തിൽ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിൽ നിയമിച്ചിട്ടുണ്ടായിരുന്ന ബി. ഡി. ഓ. മാക്കെല്ലാംതന്നെ അവരുടെ ചാർജ് അവിടെയുള്ള അഗ്രികൾച്ചറൽ അസിസ്റ്റൻറുമാക്കു് ഏല്പിച്ചുകൊടുത്തിട്ടു് സ്ഥലംവിടണമെന്ന കമ്പിസന്ദേശമാണു് ഡിസ്ട്രിക്റ്റ് ഹെഡ്കുവാർട്ടേഴ്സിൽനിന്നും കിട്ടിയിട്ടുള്ളതു്. അതിന്റെ ഫലമായി ബ്ലാക്കുകളിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാംതന്നെ പെട്ടെന്നു അവരുടെ ചാർജ് അഗ്രികൾച്ചറൽ അസിസ്റ്റൻറ്സിനു് വിട്ടുകൊടുത്തിട്ടു് സ്ഥലം വിടേണ്ടതായിവന്നു. അഗ്രികൾച്ചറൽ അസിസ്റ്റൻറ്സ് എന്നും ജൂനിയർ എൻജിനീയർ എന്നും പറഞ്ഞാൽ ഈ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളെ സടബന്ധിച്ചിടത്തോളം, പുതുതായി കാളേജിൽനിന്നും കയറിവന്നിട്ടുള്ള, യാതൊരു പരിചയവും കിട്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥന്മാരാണു്, അങ്ങനെ യാതൊരു പരിചയവുമില്ലാത്ത ഉദ്യോഗസ്ഥന്മാക്കു് ബ്ലാക്കുകളുടെ ചാർജ് ഏൽപ്പിച്ചുകൊടുത്തിട്ടു പരിചയസമ്പന്നരായ ബി. ഡി. ഓ. മാർ സ്ഥലം വിടുകയാണു് ചെയ്തിട്ടുള്ളതു്. ഇതിന്റെ ഫലമായിട്ടു് പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലെ പ്രവത്തനങ്ങളെല്ലാംതന്നെ മൊത്തത്തിൽ ഒരു സ്തംഭനാവസ്ഥയിലിരിക്കുകയാണു്. പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിൽ ഒരു പക്ഷേ പ്രവത്തനമില്ലെന്നു പറയുമായിരിക്കും, എന്നാൽ മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആ പ്രദേശങ്ങളിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

പഞ്ചായത്തുകളടക്കമുള്ള, പുതുതായി രൂപീകരിക്കപ്പെട്ടതും യാതൊരു പ്രത്നന പരിചയവുമില്ലാത്ത പഞ്ചായത്തുകളെക്കൊണ്ടുള്ള പ്രവത്തനം തുടങ്ങാനും വേണ്ടി ഇതുവരെയും അവക്കു് താങ്ങും തണലുമായി നിന്നിട്ടുള്ളതു് പരിചയ മുള്ള ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസറന്മാരായിരുന്നു. അവരെയെല്ലാം പെട്ടെന്നു സ്ഥലം മാറ്റിയതുകൊണ്ടു് ഇന്നു ഈ പഞ്ചായത്തുകളുടെ പ്രവത്തന ങ്ങളാകെ സ്തംഭനാവസ്ഥയിലിരിക്കുകയാണു്. എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു് പുതുതായി നാടിൽ ചിലപ്രാനം ബി. ഡി. ഓ. മാരെ ഗവ ണ്മെൻറു് തിരഞ്ഞെടുത്തിട്ടുണ്ടെന്നാണു്. അവരെയെല്ലാംതന്നെ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിൽ ആദ്യമായി നിയമിക്കുവാൻ പോകുകയാണു്. അങ്ങനെ പുതിയതായി തിരഞ്ഞെടുക്കുന്ന ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസറന്മാരെ പ്രീ എക്സ്റ്റൻഷൻ ബ്ലോക്കുകളിൽ ആദ്യമായി നിയമിക്കുക യാണെങ്കിൽ ഈ സ്റ്റേറ്റിലെ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലെ പ്രവത്തനങ്ങ ളൊന്നുംതന്നെ നടക്കുവാൻ പോകുന്നില്ല. അതു് സ്തംഭനാവസ്ഥയിലാകുവാൻ പോകുകയാണു്. അതിനുള്ള പ്രത്യേക കാരണങ്ങളും പരിചയമില്ലാത്ത പഞ്ചായത്തുകളാണു് ഈ ബ്ലാക്കു് ഏരിയായിലുള്ളതു് എന്നതാണു്. അതു കൊണ്ടു് എനിക്കൊരുകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനു ള്ളതു് ഏതായാലും ഈ ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസർമാക്കു് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു് തുറക്കുന്നുവെങ്കിൽ, അവരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കാനാണു് ഗവണ്മെൻറുദ്ദേശിക്കുന്നതെങ്കിൽ പ്രീ എക്സ്റ്റൻഷൻ സ്റ്റേജിലുള്ള ബ്ലാക്കുകളിൽ പരിചയമുള്ള ആഫീസറന്മാരെ നിയമിക്കണമെന്നാണു് എൻെറ അഭ്യർത്ഥന. അതല്ലാതെ ഇന്നു സ്റ്റേജ്(1)-ലും സ്റ്റേജ് (2)-ലും പരിചയമുള്ള ബ്ലാക്കു് ഉദ്യോഗസ്ഥന്മാർ ഉണ്ടാകുകയും പുതിയതായി വരുന്ന ബ്ലാക്കുകളിൽ യാതൊരു പരിശീലനവും കിട്ടിയിട്ടി ല്ലാത്ത ബ്ലാക്കു ഡവലപ്പ്മെൻറു് ആഫീസർമാർ പ്രവത്തിക്കുകയും ചെയ്താൽ ഈ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലെ പ്രവത്തനങ്ങളൊന്നുംതന്നെ നടക്കാതി രിക്കുവാൻ ഇടവരും. അതുകൊണ്ടു് ഗവണ്മെൻറു് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെട്ടു് പ്രീ എക്സ്റ്റൻഷൻ സ്റ്റേജിലുള്ള ബ്ലാക്കുകളിൽ പരിചയ മുള്ള ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസറന്മാരെ സ്റ്റേജ്(1) സ്റ്റേജ് (2) ബ്ലാക്കുകളിൽനിന്നു് ട്രാൻസ്ഫർചെയ്തു ഈ ബ്ലാക്കുകളുടെ പ്രവത്തനം തൃപ്തികരമായ നിലയിൽ നടക്കത്തക്കവിധത്തിൽ വേണ്ട നടപടികളും എടുക്കണമെന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir, I shall give the reply tomorrow.

(*ii*) *Delay in the disbursement of grants for the year* 1962-63 *to the Libraries affiliated to the Kerala Grandha Sala Sangham.*

Mr. Speaker : The hon. Chief Minister has to give a reply to the notice given by Shri E. P. Gopalan under Rule 61.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ശ്രീ. ഈ. പി. ഗോപാലൻ ഉന്നയിച്ച പ്രശ്നം ഈ സംസ്ഥാനത്തെ ലൈബ്രേറികളിൽ ഒരു വലിയ ശതമാനത്തിനു് 1962–63-ലെ ഗ്രാൻറു് ലഭിക്കുകയുണ്ടായിട്ടില്ലെന്ന കാര്യമാണു്. സർ, ഈ കാര്യത്തിൽ ഗവണ്മെൻറു് എന്തോ മനപൂർവ്വമായ അനാസ്ഥ കാണിച്ചു എന്നുള്ള മട്ടിലാണു് അദ്ദേഹം സംസാരിച്ചതു്. അദ്ദേഹം ചില കണക്കുകളും ഇവിടെ പറയുകയുണ്ടായി. ആ കണക്കുകളും അത്ര ശരിയല്ല. ഈ സംസ്ഥാനത്തെ ലൈബ്രേറികൾക്കു് ഗ്രാൻറു കൊടുക്കുന്നതിനു് ഒരു വ്യവസ്ഥ ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടു്. ഗ്രന്ഥശാലാസംഘത്തിൻെറ പ്രതിനിധികളും മറ്റു ചിലരും ഉൾപ്പെട്ടുന്ന ഒരു കമ്മിറ്റി എല്ലാ ലൈബ്രേറികളും സന്ദർശിച്ചു് അവക്കു് നേരത്തേ കിട്ടിയ തുക വേണ്ടവണ്ണം ചെലവാക്കിയിട്ടുണ്ടോ എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly